# പത്രക്കുറിപ്പ്

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ ഗാർഡ് (വിമുക്ത ഭടൻമാർ മാത്രം) (കാറ്റഗറി നമ്പർ : 416/17) തസ്തികയിലേക്കുള്ള 19.10.2019 തീയതിയിൽ പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവെടുപ്പ്, സൈക്ലിംഗ് ടെസ്റ്റ് എന്നിവയും സൈക്ലിംഗ് ടെസ്റ്റ് പാസായവർക്കായി അന്നുതന്നെ ഒറ്റത്തവണ പ്രമാണ പരിശോധനയും 07/12/2019 തീയതിയിൽ കോഴിക്കോട് സിവിൽ സ്റ്റേഷനിലുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മേഖലാ ഓഫീസിൽ വച്ച് നടത്തുന്നതാണ്. ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റ്, കമ്മീഷൻ അംഗീകരിച്ച ഏതെങ്കിലും തിരിച്ചറിയൽ രേഖ, പ്രായം, യോഗ്യത, ജാതി, വിമുക്ത ഭടൻ എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ, സൈക്ലിംഗ് ടെസ്റ്റിനുള്ള സൈക്കിൾ എന്നിവ സഹിതം രാവിലെ 7.30 നു മുമ്പായി മേൽ കേന്ദ്രത്തിൽ എത്തിചേരേണ്ടതാണ്. അഡ്മിഷൻ ടിക്കറ്റ്, വിശദാംശങ്ങൾ എന്നിവ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുണ്ട്.

*(ഒപ്പ്)*

**മേഖലാ ഓഫീസർ**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**മേഖലാ ഓഫീസ്, കോഴിക്കോട്.**